<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3117** **25-06-2024 - ൽ മറുപടിയ്ക്ക്**

**കേരളീയം പരിപാടിയുടെ ഭാഗമായി സാംസ്‌കാരിക വകുപ്പിനു വന്ന ചെലവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളീയം പരിപാടിയുടെ ഭാഗമായി സാംസ്‌കാരിക വകുപ്പിനു വന്ന ചെലവുകളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | കേരളീയം പ്രോഗ്രാമിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് ഡയറക്ടർ കൺവീനറായ കൾച്ചറൽ കമ്മറ്റിയ്ക്ക് രണ്ടു ഘട്ടങ്ങളിലായി ഇതേവരെ 3,14,80,575/- (മൂന്നു കോടി പതിനാല് ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം) രൂപ അനുവദിക്കുകയും ആയതിൽ നിന്നും 3,14,67,804/- (മൂന്നു കോടി പതിനാല് ലക്ഷത്തി അറുപത്തി ഏഴായിരത്തി എണ്ണൂറ്റി നാല് രൂപ മാത്രം)രൂപ ഇതേ വരെ ചെലവാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കേരളീയത്തിൽ നടത്തിയ കലാപരിപാടികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് നൽകാമോ; | (ബി) | കേരളീയത്തിന്റെ ഭാഗമായുള്ള കലാ പരിപാടികൾക്ക് വിവിധ വേദികളിലായി 3,14,80,575/- (മൂന്ന് കോടി പതിനാല് ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം) രൂപയ്ക്ക് അനുമതി ലഭ്യമായിരുന്നു. (തുക വിവരങ്ങൾ വേദി തിരിച്ച് അനുബന്ധമായി ചേർക്കുന്നു) . |
| (സി) | കേരളീയത്തിൽ പരിപാടി നടത്തിയ കാലാകാരന്മാർക്ക് പ്രതിഫലം ലഭിക്കാത്തതിനാൽ ലോക കേരള സഭയോട് അവർ സഹകരിക്കില്ല എന്ന തീരുമാനം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | കലാകാരന്മാർ ലോക കേരള സഭയുമായി സഹകരിക്കില്ല എന്ന വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**കൾച്ചറൽ കമ്മിറ്റിയുടെ വേദി തിരിച്ചുള്ള വിശദാംശങ്ങൾ**

| | | |
|---|---|---|
| 1 | സെൻട്രൽ സ്റ്റേഡിയം | 1,60,65,500 |
| 2 | നിശാഗന്ധി | 23,87,000 |
| 3 | ടാഗോർ തീയേറ്റർ | 14,11,575 |
| 4 | പുത്തരിക്കണ്ടം | 9,13,000 |
| 5 | സെനറ്റ് ഹാൾ | 9,79,000 |
| 6 | ഭാരത് ഭവൻ മണ്ണരങ്ങ് | 3,30,000 |
| 7 | തൈക്കാട് പോലീസ് ഗ്രൗണ്ട് | 20,90,000 |
| 8 | വിവേകാന്ദ പാർക്ക് | 3,39,900 |
| 9 | കെൽട്രോൺ കോമ്പൗണ്ട് | 2,44,200 |
| 10 | ടാഗോർ ഓപ്പൺ എയർ | 3,00,00 |
| 11 | ഭാരത് ഭവൻ എസി ഹാൾ | 3,30,000 |
| 12 | ബാലഭവൻ | 3,19,000 |
| 13 | പഞ്ചായത്ത് അസോസിയേഷൻ ഹാൾ | 6,19,300 |
| 14 | സൂര്യകാന്തി | 5,61,000 |
| 15 | മ്യൂസിയം റേഡിയോ പാർക്ക് | 3,42,100 |
| 16 | യൂണിവേഴ്സിറ്റി കോളേജ് | 7,70,000 |
| 17 | എസ്.എം. വി സ്കൂൾ | 5,51,100 |
| 18 | ഗാന്ധി പാർക്ക് | 4,27,900 |
| 19 | സ്ട്രീറ്റ് വെന്യൂ | 25,00,000 |
| | | **3,14,80,575/-** |